**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *662 — 03.11.2016-ലെ മറുപടിക്ക്

<u>പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.കെ.ജെ. മാക്സി** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പുതിയതായി വീട് വയ്ക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; | (എ) | നിലവിലുണ്ട്. ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000/- രൂപയും ദുർബല വിഭാഗ ഭവനപുനരധിവാസ പദ്ധതി പ്രകാരം 3,50,000/- രൂപയും 4 ഗഡുക്കളായി അനുവദിച്ച് വരുന്നു. 2016-17 വർഷം 7500 പേർക്ക് പുതുതായി വീട് വയ്ക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ഭവനം മെച്ചപ്പെടുത്തുന്നതിനും അധികമായി മുറികൾ നിർമ്മിക്കുന്നതിനുമാവശ്യമായ ധനസഹായം നൽകാറുണ്ടോ; | (ബി) | നല്കാറുണ്ട്. ഭവനം മെച്ചപ്പെടുത്തുന്നതിനും അഡീഷണൽ റൂം നിർമ്മിക്കുന്നതിനും വേണ്ടി 50,000/- രൂപ ധനസഹായം നല്കുന്നുണ്ട്. 2016-17 വർഷം 7000 പേർക്ക് ഭവനം മെച്ചപ്പെടുത്തുന്നതിനും അഡീഷണൽ റൂം നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മുൻ വർഷങ്ങളിൽ പണം ഭാഗികമായി അനുവദിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്നതുമായ ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | ഉണ്ട്. 2015-16 വരെ ഭവന നിർമ്മാണ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളിൽ വിവിധ ഘട്ടങ്ങളിൽ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്ന 16363 പേർക്ക് സ്പിൽ ഓവർ പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.ഇതിൽ 2007-2011 കാലത്ത് ഒട്ടാകെ അനുവദിച്ച 49464 വീടുകളിൽ പൂർത്തീകരിച്ച 44104 വീടുകൾ കഴിച്ച് സ്പിൽ ഓവർ ആയ 5360 എണ്ണവും 2011-2016 കാലത്ത് ഒട്ടാകെ അനുവദിച്ച 24594 വീടുകളിൽ സ്പിൽ ഓവർ ആയ 11003 വീടുകളും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ